"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം ക്രിസ്തുരാജ് എച്ച്.എസ്.എസ്.ലെ HSST ജൂനിയർ (മാത്സ്) ശ്രീമതി.ഐവി ജെ. ഫയൽ ചെയ്ത WP(C)No.37564/2024-മേൽ ബഹു.ഹൈക്കോടതി 25.10.2024 ലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4339/2025/GEDN തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-

1. ശ്രീമതി ഐവി ജെ. സമർപ്പിച്ച റിവിഷൻ ഹർജി (Exbt P6)
2. ശ്രീമതി ഐവി ജെ. ഫയൽ ചെയ്ത WP(C)No.37564/2024-മേൽ ബഹു.ഹൈക്കോടതി 25.10.2024 ലെ വിധിന്യായം
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07.02.2025 ലെ എസിഡി ബി3/759/2025/എച്ച്.എസ്.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ക്രിസ്തുരാജ് എച്ച്.എസ്.എസ്.ലെ HSST ജൂനിയർ (മാത്സ്) ശ്രീമതി.ഐവി ജെ. ഫയൽ ചെയ്ത WP(C)No.37564/2024-മേൽ ബഹു. ഹൈക്കോടതി 25.10.2024 തീയതിയായി പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരിയെയും 4,5 എതിർകക്ഷികളെയും കേട്ടശേഷം EXT P6 (Appeal dated 22.10.2024) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 03.04.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു :

(i) കൊല്ലം ഡയോസിസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വിമല ഹൃദയ HSS-ലെ HSST (Maths) ശ്രീമതി അൽഫോൺസിയ വിൻസെന്റ് 31.05.2024-ൽ വിരമിച്ച ഒഴിവിൽ കൊല്ലം ക്രിസ്തുരാജ് എച്ച്.എസ്.എസ്.ലെ HSST (മാത്സ്) ശ്രീമതി മരിയ ഡാനിയേൽ ഫെർണാണ്ടസിനെ 03.06.2024-ൽ സ്ഥലംമാറ്റി നിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു.

(ii) തുടർന്ന്, ക്രിസ്തുരാജ് എച്ച്.എസ്.എസ്.ൽ നിലവിൽവന്ന എച്ച്.എസ്.റ്റി.(മാത്സ്)

തസ്തികയിലെ ഒഴിവിൽ എച്ച്.എസ്.എസ്.ടി. ജൂനിയർ (മാത്സ്) ആയ ഹർജിക്കാരിയെ സ്ഥാനക്കയറ്റം നൽകി നിയമിക്കേണ്ടതായിരുന്നുവെങ്കിലും ടി നിയമനം കോർപ്പറേറ്റ് മാനേജറും RDD-യും നിഷേധിക്കുകയായിരുന്നു.

(iii) ഹർജിക്കാരി കൊല്ലം ക്രിസ്തുരാജ് HSS-ൽ 30.12.2013-ലാണ് എച്ച്.എസ്.എസ്.ടി. ജൂനിയർ (മാത്സ്) ആയി നേരിട്ടുള്ള നിയമനംവഴി സേവനം ആരംഭിച്ചത്. ടി തീയതി മുതൽതന്നെ നിയമനാംഗീകാരവും ലഭിച്ചിട്ടുണ്ട്.

(iv) കോർപ്പറേറ്റ് മാനേജ്മെന്റിന്റെ 01.01.2024 പ്രാബല്യത്തിലുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഹർജിക്കാരിയാണ് എച്ച്.എസ്.എസ്.ടി. ജൂനിയർ (മാത്സ്) തസ്തികയിൽ ഏറ്റവും സീനിയർ.

(v) ക്രിസ്തുരാജ് സ്കൂളിലെ 2014-15 മുതൽ 2018-19 വരെയുള്ള തസ്തിക നിർണയ ഉത്തരവ് പ്രകാരം ഗണിതം തസ്തികയിൽ പ്രതിവാരം 64 പീരിയഡുകൾ ഉള്ളതിനാൽ ചട്ടപ്രകാരം രണ്ട് എച്ച്.എസ്.എസ്.ടി. (മാത്സ്) തസ്തികകളും ഒരു എച്ച്.എസ്.എസ്.ടി. ജൂനിയർ (മാത്സ്) തസ്തികയും അനുവദിച്ചിട്ടുണ്ട്.

(vi) ടി എച്ച്.എസ്.എസ്.ടി.(ഗണിതം) തസ്തികയിൽ നിന്നും ശ്രീമതി മറിയയെ 03.06.2024-ൽ വിമല ഹൃദയ സ്കൂളിലേക്ക് സ്ഥലംമാറ്റിയ ഒഴിവിൽ KER അധ്യായം 32 ചട്ടം 4 പ്രകാരം ഹർജിക്കാരിക്ക് എച്ച്.എസ്.എസ്.ടി.(ഗണിതം) ആയി സ്ഥാനക്കയറ്റം നൽകേണ്ടതാണ്.

(vii) ക്രിസ്തുരാജ് എച്ച്.എസ്.എസ്.ലെ പ്രിൻസിപ്പൽ ശ്രീ ഫ്രാൻസിസ് ജി. 31.05.2024-ൽ സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ ഇതേ സ്കൂളിലെ ഹൈസ്കൂൾ വിഭാഗം എച്ച്.എം. ആയ ശ്രീ. റോയ്സ്റ്റൺ എ.യെ 2:1 അനുപാതപ്രകാരം 01.06.2024 മുതൽ പ്രിൻസിപ്പൽ ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു.

(viii) 01.06.2024 തീയതിയിൽ എച്ച്.എസ്.എസ്.ടി.(ഗണിതം) തസ്തികയിൽ വന്ന ഒഴിവിൽ ഹർജിക്കാരിക്ക് മാനേജർ പ്രൊമോഷൻ നൽകിയില്ല.

(ix) ക്രിസ്തുരാജ് എച്ച്.എസ്.എസ്.ലെ 2014-15 മുതൽ 2018-19 വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഗണിതം വിഷയത്തിന് 64 പീരിയഡുകൾ ഉള്ളതിൽ 8 പീരീഡുകൾ

പ്രിൻസിപ്പലിന് നൽകുമ്പോൾ ബാക്കിയുള്ള 56 പീരിയഡിൽ 2 എച്ച്.എസ്.എസ്.ടി.മാരെ നിലനിർത്താവുന്നതാണ്.

(x) രണ്ട് എച്ച്.എസ്.എസ്.ടി.(ഗണിതം) അധ്യാപകരിൽ ഒരാളെ ട്രാൻസ്ഫർ ചെയ്ത ഒഴിവിലാണ് ഹർജിക്കാരിക്ക് സ്ഥാനക്കയറ്റ നിയമനം നൽകണമെന്ന് ആവശ്യപ്പെടുന്നത്. ടിയാൾക്ക് അർഹതപ്പെട്ട എച്ച്.എസ്.എസ്.ടി.(മാത്സ്) പ്രമോഷൻ 03.06.2024 പ്രാബല്യത്തിൽ നൽകുന്നതിന് ഉത്തരവ് ഉണ്ടാകണമെന്ന് ഹർജിക്കാരി അപേക്ഷിക്കുന്നു.

3.സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ നിലനിൽക്കുന്ന എച്ച്.എസ്.എസ്.ടി.(മാത്സ്) ഒഴിവിൽ 03.06.2024 പ്രാബല്യത്തിൽ ഹർജിക്കാരിക്ക് സ്ഥാനക്കയറ്റം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ക്രിസ്തുരാജ് എച്ച്.എസ്.എസ്.ൽ 01.06.2024 മുതൽ പ്രിൻസിപ്പലിന്റെയും എച്ച്.എസ്.എസ്.ടി.(ഗണിതം) തസ്തികയുടെയും ഒഴിവുകൾ നിലവിൽ വന്നു. പ്രിൻസിപ്പൽ തസ്തികയിൽ നിയമിക്കപ്പെട്ട അധ്യാപകൻ (HM turned Principal) ഗണിതം ബിരുദധാരിയായതിനാൽ ടിയാന് ടി വിഷയത്തിൽ 8 പീരിയഡുകൾ മാറ്റി വയ്ക്കേണ്ടതായുണ്ട്. ടി സാഹചര്യത്തിലാണ് ടി സ്കൂളിലെ എച്ച്.എസ്.എസ്.ടി.(ഗണിതം) യെ വിമല ഹൃദയ സ്കൂളിലേക്ക് ട്രാൻസ്ഫർ നൽകിയിട്ടുള്ളത്. തസ്തിക നിർണയ പ്രകാരം ഗണിതത്തിന് ടി സ്കൂളിൽ 64 പിരിയഡുകൾ ലഭ്യമാണ്. പ്രിൻസിപ്പലിനായി എട്ട് പീരിയഡുകൾ മാറ്റിവച്ചാൽ ബാക്കിയുള്ള 56 പീരീഡുകൾക്ക് രണ്ട് എച്ച്.എസ്.എസ്.ടി. അനുവദനീയമാണ്. എന്നാൽ എച്ച്.എസ്.എസ്.ടി.ജൂനിയർ(ഗണിതം) നഷ്ടമാകുന്ന സാഹചര്യം വരികയും ചെയ്യുന്നു.

4.മേൽ സാഹചര്യത്തിൽ, ക്രിസ്തുരാജ് സ്കൂളിൽ ട്രാൻസ്ഫർ മുഖേന വന്ന എച്ച്.എസ്.എസ്.ടി.(ഗണിതം) ഒഴിവിലേക്ക് എച്ച്.എസ്.എസ്.ടി.ജൂനിയർ (ഗണിതം) ആയ ഹർജിക്കാരിക്ക് സീനിയോറിറ്റി അടിസ്ഥാനമാക്കി 03.06.2024 പ്രാബല്യത്തിൽ എച്ച്.എസ്.എസ്.ടി.(ഗണിതം) ആയി KER Chapter XXXII Rule 4.2 പ്രകാരം, ശ്രീമതി ഐവി ജെ. മറ്റുവിധത്തിൽ യോഗ്യയാണ് എങ്കിൽ, തസ്തികമാറ്റ നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശം പൊതു വിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം ) ഡയറക്ടർക്ക് നൽകി , കൊല്ലം ക്രിസ്തുരാജ് എച്ച്.എസ്.എസ്.ലെ HSST ജൂനിയർ (മാത്സ്) ശ്രീമതി ഐവി ജെ. സർക്കാരിൽ സമർപ്പിച്ച അപ്പീൽ (Ext.P6) തീർപ്പാക്കി, അപ്രകാരം WP(C)No.37564/2024-ന്മേൽ

ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച സൂചന രണ്ടിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്: അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എആൻറ് ഇ/ആഡിറ്റ്), തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി ഐവി ജെ, HSST ജൂനിയർ (മാത്സ്), ക്രിസ്തുരാജ് എച്ച്.എസ്.എസ്.,കൊല്ലം
പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്, (GE- JA2/180/2025-GEDN dtd,03.06.2025)
വിവര പൊതുജന സമ്പർക്ക (വെബ്ആന്റ്ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി )
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shahnakumari S L
Date: 01-07-2025 10:45:31
സെക്ഷൻ ഓഫീസർ